# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.7081 11.07.2014 -ലെ മറുപടിയ്ക്ക്**

**സർക്കാർ/എയ്ഡഡ് വിദ്യാലയങ്ങളിലെ പ്ലസ് ടു സീറ്റുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ഗീതാ ഗോപി | | ശ്രീ. പി. കെ. അബ്ദുറബ്ബ്.<br>(ബഹു:വിദ്യാഭ്യാസ വകുപ്പുമന്ത്രി) | |
| (എ) | സർക്കാർ/എയ്ഡഡ് വിദ്യാലയങ്ങളിൽ ആകെ എത്ര പ്ലസ് ടു സീറ്റുകൾ നിലവിലുണ്ടെന്ന് ജില്ല തിരിച്ച് അറിയിക്കുമോ; എസ്.എസ്.എൽ.സി. പാസ്സായി പ്ലസ് ടു പഠനയോഗ്യത നേടിയ ആകെ വിദ്യാർത്ഥികളുടെ എണ്ണവും ജില്ല തിരിച്ച് അറിയിക്കുമോ; | (എ) | 2014-15 അദ്ധ്യയന വർഷം സർക്കാർ, എയ്ഡഡ് വിദ്യാലയങ്ങളിൽ നിലവിലുള്ള പ്ലസ് ടു സീറ്റുകളുടെ ജില്ല തിരിച്ച വിവരം അനുബന്ധം-I ആയി ചേർക്കുന്നു.2014-മാർച്ചിൽ എസ്എസ് എൽ സി പാസ്സായ കുട്ടികളുടെ ജില്ല തിരിച്ച വിവരം അനുബന്ധം-II ആയി ചേർക്കുന്നു. |
| (ബി) | പ്ലസ് ടു പഠനയോഗ്യത നേടിയ മുഴുവൻ വിദ്യാർത്ഥികൾക്കും പ്രവേശനം നൽകുന്നതിന് മതിയായ സംവിധാനം ഇപ്പോൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ ശേഷിക്കുന്ന വിദ്യാർത്ഥികളുടെ പഠനാവശ്യം നിർവ്വഹിക്കുവാൻ എന്തു നടപടികൾ കൈക്കൊള്ളുവാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ? | (ബി) | ഇല്ല. സംസ്ഥാനത്ത് അധിക ഹയർ സെക്കന്ററി ബാച്ചുകൾ അനുവദിച്ച് സീറ്റുകളുടെ എണ്ണം വർദ്ധിപ്പിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം-I**

| ജില്ല | ഗവൺമെന്റ് | എയ്ഡഡ് |
|---|---|---|
| തിരുവനന്തപുരം | 12300 | 11100 |
| കൊല്ലം | 9700 | 11900 |
| പത്തനംതിട്ട | 3800 | 7850 |
| ആലപ്പുഴ | 6600 | 12500 |
| കോട്ടയം | 5350 | 12900 |
| ഇടുക്കി | 3850 | 5500 |
| എറണാകുളം | 9000 | 14050 |
| തൃശ്ശൂർ | 10450 | 14250 |
| പാലക്കാട് | 12000 | 9450 |
| മലപ്പുറം | 20350 | 15050 |
| കോഴിക്കോട് | 12450 | 13100 |
| വയനാട് | 4350 | 2350 |
| കണ്ണൂർ | 14150 | 9200 |
| കാസറഗോഡ് | 7800 | 2700 |
| ആകെ | 132150 | 141900 |

**അനുബന്ധം-II**

| ജില്ല | ഉപരി പഠനത്തിന് അർഹരായവരുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 39003 |
| കൊല്ലം | 31888 |
| പത്തനംതിട്ട | 12700 |
| ആലപ്പുഴ | 25305 |
| കോട്ടയം | 22729 |
| ഇടുക്കി | 13027 |
| എറണാകുളം | 36715 |
| തൃശ്ശൂർ | 39020 |
| പാലക്കാട് | 38907 |
| മലപ്പുറം | 73746 |
| കോഴിക്കോട് | 43959 |
| വയനാട് | 11361 |
| കണ്ണൂർ | 34713 |
| കാസറഗോഡ് | 19605 |
| ആകെ | 442678 |